LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേരി മുനിസിപ്പാലിറ്റിയിൽ കിണർ നിർമ്മിക്കുന്നതിന് അനുവാദം

102 [2169] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മുനിസിപ്പാലിറ്റിയിൽ 15-ാം വാർഡ് തടത്തിപ്പറമ്പ് പ്രദേശത്ത് വരൾച്ചാ ദുരിതാശ്വാസത്തിൽ കിണർ നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ;

(സി) എങ്കിൽ പൂർത്തിയായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

സുനാമി ദുരന്തത്തിൽ തമിഴ്നാട്ടിൽ മരണമടഞ്ഞവർക്ക് ധനസഹായം

103 [2170] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽ തമിഴ്നാട്ടിൽ വച്ച് എത്ര മലയാളികൾ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ബി) കാണാതായ ആളുകളുടെ വിവരം സർക്കാർ ശേഖരിച്ചു കണ്ടെത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തമിഴ്നാട്ടിൽ ദുരന്തത്തിൽ മരിച്ചവർക്ക് കേരള-കേന്ദ്ര സർക്കാരുകളുടെ സഹായധനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) ഇവർക്ക് തമിഴ്നാട് സർക്കാർ പ്രഖ്യാപിച്ച സഹായധനം കിട്ടാൻ അർഹതയുണ്ടോ;

(ഇ) ഉണ്ടെങ്കിൽ സഹായം ലഭിക്കാൻ ഇത്തരത്തിലുള്ളവരുടെ ബന്ധുക്കൾ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടു പ്രകാരം കേരളത്തിനു പുറത്തുവച്ച് 32 കേരളീയർ മരണപ്പെട്ടു. ഇത് കൂടാതെ കേരളത്തിന് പുറത്ത് തീർത്ഥാടനത്തിനും വിനോദസഞ്ചാരത്തിനുമായി പോയ കുറച്ച് കേരളീയർ മടങ്ങിയെത്തിയിട്ടില്ല. ഇവരെക്കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) ദുരന്തവുമായി ബന്ധപ്പെട്ട് കാണാതായവരുടെ വിവരം ശേഖരിക്കുന്നതിന് പ്രസ്തുത സ്ഥലത്തെ സർക്കാർ തലത്തിലുള്ള അധികാരികളുമായി ബന്ധപ്പെട്ട് വിവരം ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(സി) ദുരന്തത്തിൽ മരണപ്പെട്ട മുതിർന്നവരുടെ ആശ്രിതർക്ക് കേരള സർക്കാരിന്റെ സഹായധനമായി ഒരു ലക്ഷം രൂപ വീതവും, കുട്ടികളുടെ അവകാശികൾക്ക് 50,000 രൂപ വീതവും വിതരണം ചെയ്തു. കേന്ദ്ര സർക്കാരിന്റെ സഹായധനം ലഭിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം പ്രധാനമന്ത്രിയുടെ ഓഫീസിൽ അയച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) മരണമടഞ്ഞവരുടെ ബന്ധുക്കൾ ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന അപേക്ഷ നൽകാവുന്നതാണ്.

കടൽ തീരങ്ങളിലെ നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിന് നടപടി

104 [2171] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം കടൽത്തീരങ്ങളിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) കടൽഭിത്തി കെട്ടുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കേന്ദ്ര സഹായം കിട്ടുവാൻ നടപടിയെടുക്കുമോ;

(സി) സുനാമിയിൽ കടൽഭിത്തികൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൂടുതൽ കടൽക്ഷോഭം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കടൽഭിത്തിയും, കണ്ടൽ കൃഷിയും നടത്തുന്നതിനുള്ള നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly